**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5110** **14-03-2023 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | ഭിന്നശേഷിക്കാരായ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും പഠന-പഠനേതര പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (ബി) | സർക്കാർ /എയ്ഡഡ്/ സ്വകാര്യ മേഖലയിലും സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ട് മുഖേന സാമ്പത്തിക സഹായം നൽകുന്നുണ്ട്. സ്വകാര്യ മേഖലയിലെ സ്പെഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ജീവനക്കാർ, സ്കൂളുകൾ നൽകുന്ന സേവനങ്ങൾ എന്നിവ പരിഗണിച്ച് സ്കൂളുകളെ എ, ബി, സി, ഡി ഗ്രേഡുകളായി തിരിച്ച് സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രകാരം ധനസഹായം നൽകി വരുന്നു. കൂടാതെ അധ്യാപകർക്ക് എസ്.സി.ഇ.ആർ.ടി മുഖേന അക്കാദമിക പ്രവർത്തനങ്ങൾക്ക് പരിശീലനവും നൽകി വരുന്നു. |
| (സി) | പ്രസ്തുത സ്കൂളുകളിലെ മേധാവികളായി വരുന്ന അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും മുൻകാല പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും പ്രസ്തുത തസ്തികകളിലേക്ക് നിയമിക്കുന്നതിനും എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (സി) | ഗവൺമെന്റ്/എയിഡഡ് മേഖലയിൽ സർക്കാർ ഉത്തരവുകൾ അനുസരിച്ചാണ് ജീവനക്കാരെ നിയമിക്കുന്നത്. എൻ.ജി.ഒ-കൾ നടത്തുന്നതും, പഞ്ചായത്തുകൾ നടത്തുന്ന ബഡ്സ് സ്കൂളുകൾ ഉൾപ്പെടെയുള്ള സ്പെഷ്യൽ സ്കൂളുകളിൽ ജീവനക്കാരെ നിയമിക്കുന്നത് സ്കൂൾ മാനേജ്മെന്റ്/ പഞ്ചായത്ത് തന്നെയാണ്. |
| (ഡി) | കൂടുതൽ പരിഗണന അർഹിക്കുന്ന വിഭാഗം എന്ന നിലയിൽ സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ; | (ഡി) | 2019 മുതൽ സ്പെഷ്യൽ സ്കൂളുകൾക്ക് സ്പെഷ്യൽ സ്കൂൾ പാക്കേജ് നടപ്പിലാക്കി വരുന്നു. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, സ്കൂളുകൾ നൽകുന്ന സേവനങ്ങൾ, നിശ്ചിത യോഗ്യതയുള്ള ജീവനക്കാർ എന്നിവ സ്പെഷ്യൽ സ്കൂൾ പാക്കേജിനുള്ള മാനദണ്ഡങ്ങളാണ്. ഇതിൽ കൂടി കുട്ടികളുടെ സുരക്ഷയും ഉറപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | പൊതുവിദ്യാഭ്യാസ മേഖലയിലെ അഭിമാന സ്തംഭങ്ങളായി സ്പെഷ്യൽ സ്കൂളുകളെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഇ) | സർക്കാർ മേഖലയിലെ സ്പെഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. അതോടൊപ്പം സ്വകാര്യ സ്പെഷ്യൽ സ്കൂളുകൾക്ക് സ്പെഷ്യൽ സ്കൂൾ പാക്കേജ് വഴി സാമ്പത്തിക സഹായവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ